## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 459

6.3.2012 ൽ മറുപടിക്ക്

## കുടുംബശ്രീ മിഷന് ബഡ്ജറ്റിൽ വകയിരുത്തിയ തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി. ജയരാജൻ | ഡോക്ടർ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കുടുബശ്രീ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്ന് മുതലാണെന്നു വ്യക്ത മാക്കുമോ | എ) 10.05.1998-ൽ ആരംഭിച്ചു. |
| ബി) ആരംഭകാലം മുതൽ ഓരോ സാമ്പത്തികവർഷവും കുടുബശ്രീ മിഷന് സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക വീതമാണ് വകയിരുത്തിയത് എന്ന് വ്യക്തമാക്കുമോ ; | ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) 2011-12-ൽ കുടുബശ്രീ മിഷന് ബഡ്ജറ്റിൽ വകയിരുത്തിയ തുക തൊട്ടുമുമ്പുള്ള രണ്ടു സാമ്പത്തിക വർഷങ്ങളെ അപേക്ഷിച്ച് തുലോം കുറവായിരുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | സി) യും ഡി) യും ബജറ്റ് വിഹിതം കുറച്ചിട്ടില്ല. |
| ഡി) സംസ്ഥാനത്ത് കുടുബശ്രീ പ്രവർത്തനങ്ങൾക്കുള്ള ബജറ്റ് വിഹിതം കുറച്ചതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ; | |

ഇ) 2012-2013 സാമ്പത്തിക വർഷം കുടുബശ്രീ മിഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ

ഇ) കൂടുബശ്രീമിഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു

1. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ ആജീവിക പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന നോഡൽ ഏജൻസിയായി കുടുംബശ്രീ മിഷനെ (സ്റ്റേറ്റ് ലൈവിലിഹുഡ് മിഷൻ)അംഗീകരിക്കുകയും. കുടുംബശ്രീ മിഷൻ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ച 112.81 കോടിരൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിരിക്കുകയുമാണ്. കൂടാതെ മഹിളാ സശാക്തീകരൺ പരിയോജന പദ്ധതി പ്രകാരം 79.9 കോടി രൂപ 3 വർഷം കൊണ്ട് കുടുംബശ്രീക്ക് ലഭിക്കും. ഇതിൽകൂടി വനിത കർഷകരുടെ ശാക്തീകരണം ലക്ഷ്യമിടുന്നു.

2. . കേരള സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നിർഭയ പദ്ധതി കേരളത്തിൽ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു. ടി പദ്ധതിയിലൂടെ സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷക്കായി പ്രവർത്തിക്കുന്ന സാമൂഹിക സംഘടന സംവിധാനമായി കുടുംബശ്രീയെ ശാക്തീകരിക്കും..

3. കുടുംബശ്രീ സംവിധാനത്തിന്റെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മോണിട്ടർ ചെയ്യുന്നതിനുമായി ഒരു ഡിജിറ്റൈസ്ഡ് എം.ഐ.എസ്. വികസിപ്പിക്കുകയും കുടുംബശ്രീയുടെ എല്ലാവിധ പ്രവർത്തനങ്ങളുടെയും നാളിതുവരെയുള്ള വിവരങ്ങൾ ഡിജിറ്റൈസ്ഡ് എം. ഐ.എസിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.. ഇത് സംസ്ഥാന, ജില്ലാ, സി.ഡി.എസ് തലങ്ങളിൽ

പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും ആസൂത്രണം ചെയ്യുന്നതിനും മൊത്തം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സഹായകമാകും. വിവരങ്ങൾ നാളതീകരിക്കുന്നതിന് സി.ഡി.എസ്. അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തുകയും അതിനാവശ്യമായ സാങ്കേതിക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

4. പുതിയതായി ചുമതലയേറ്റ ഭാരവാഹികൾക്ക് പരിശീലനം നൽകുന്നതിനോടൊപ്പം തദ്ദേശഭരണതല വിലയിരുത്തൽ സമിതികൾക്കും കുടുംബശ്രീ പ്രവർത്തനം പ്രാദേശിക തലത്തിൽ സംയോജിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതാണ്.

5. കുടുംബശ്രീ സിഡിഎസ്സിന്റെ മെമ്പർ സെക്രട്ടറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| സാമ്പത്തിക വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|
| 1999-2000 | 1750 | |
| 2000-2001 | 1000 | |
| 2001-2002 | 1000 | |
| 2002-2003 | 1440 | |
| 2003-2004 | 1850 | |
| 2004-2005 | 2750 | |
| 2005-2006 | 6000 | |
| 2006-2007 | 7147 | |
| 2007-2008 | 2564 | |
| 2008-2009 | 3000 | |
| 2009-2010 | 3650 | 650 ലക്ഷം പലിശ സബ്സിഡിക്കായി |
| 2010-2011 | 7070 | ബഡ്ജറ്റ് വിഹിതം 3000 ലക്ഷവും സപ്ളിമെന്ററി ഡിമാൻഡ് 2070 ലക്ഷം, കൂടാതെ സോഷ്യൽ സെക്യൂരിറ്റി മിഷനിൻ നിന്നും ആശ്രയ പദ്ധതിക്കായി ലഭ്യമാക്കിയത് 2000 ലക്ഷം, ആകെ 7070 ലക്ഷം |
| 2011-2012 | 4500 | |

സെക്ഷൻ ആഫീസർ